# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5428 04.07.2013 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
| എ) | പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഡെങ്കിപ്പനി പടരുന്നത് നിയന്ത്രണ വിധേയമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; വിശദീകരിക്കാമോ; | ബി) | കൊതുകിന്റെ ഉറവിടങ്ങൾ ഇല്ലാതാക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മ പദ്ധതിയാണ് നടപ്പാക്കിയിരിക്കുന്നത്. ആരോഗ്യ പ്രവർത്തകർ സാമൂഹ്യ നീതി, ആശ, വാർഡ് തല ശുചിത്വ സമിതി പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന ടീം ആണ് മേൽ പറഞ്ഞ പ്രവൃത്തികൾ ചെയ്യുന്നത്. കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയവ നടത്തിയിട്ടുണ്ട്. ഗൃഹ സന്ദർശനം വഴി ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ആരോഗ്യ ശീലങ്ങൾ സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്കൂൾ അസംബ്ളിയിൽ കുട്ടികളെ കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുകയും വീടുകളിൽ ചെന്ന് നോട്ടീസ് വായിച്ച് കൊടുക്കാനായി നൽകുകയും ചെയ്തു. ഡ്രൈഡേ തുടർച്ചയായ 3 ഞായറാഴ്ചകളിലായി ആചരിച്ച വരുന്നുണ്ട്. മൈക്ക് അനൗൺസ്മെന്റ് ബ്ലോക്ക് പ്രൈമറി ഹെൽത്ത് സെന്റർ തലത്തിൽ എല്ലാ ഡ്രൈ ഡേയിലും ചെയ്തിട്ടുണ്ട്. |
| സി) | ജില്ലയിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | സി) | • പഞ്ചായത്ത് തലത്തിൽ മഴക്കാല പൂർവ്വ രോഗങ്ങളുടെ തയ്യാറെടുപ്പുകൾ ചർച്ച ചെയ്യുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റുമാർ, ആരോഗ്യ സ്റ്റാൻഡിംഗ് |

| | | | |
|---|---|---|---|
| | | | കമ്മറ്റി ചെയർമാൻമാർ, ബ്ലോക്ക് മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, എന്നിവരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി<br>• ജില്ലാ തലത്തിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലും പകർച്ചവ്യാധി നിയന്ത്രണത്തിനുവേണ്ടി വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ മീറ്റിംഗ് വിളിച്ചു കൂട്ടി.<br>• എല്ലാ വാർഡുകളിലും വാർഡ്തല ശുചിത്വ മീറ്റിങ്ങുകൾ സംഘടിപ്പിച്ച് വാർഡ്തലത്തിലെ പകർച്ചവ്യാധി നിയന്ത്രണത്തിനു വേണ്ട നടപടികൾ സ്വീകരിച്ചു.<br>• മെഡിക്കൽ ഓഫീസർമാർ ഫീൽഡ്തല ആരോഗ്യ പ്രവർത്തകർ എന്നിവർക്കുവേണ്ടി പകർച്ച വ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് പരിശീലനം നൽകി.<br>• രോഗ വ്യാപനസാദ്ധ്യതയുള്ള മേഖലകളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, ഉറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ ഊർജ്ജിതപ്പെടുത്തി.<br>• രോഗ നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടുത്തി.<br>• കൊതുക് സാന്ദ്രത പഠനം ആഴ്ചയിൽ ഒരിക്കൽ നിർബന്ധമാക്കി.<br>• പകർച്ച വ്യാധികളുമായി ബന്ധപ്പെട്ടുത്തിയുള്ള സാംക്രമിക രോഗവുമായി ബന്ധപ്പെട്ട് അവലോകനങ്ങൾ നടന്നു വരുന്നു.<br>• ഹോട്ടലുകൾ, ടീ ഷോപ്പുകൾ എന്നിവയുടെ ശുചിത്വ പരിശോധനകൾ ശക്തിപ്പെടുത്തി. |
| ഡി) | പാലക്കാട് ജില്ലാ ആശുപത്രി, വിവിധ താലൂക്കാശുപത്രികൾ, വിവിധ പി.എച്ച്.സി. കൾ എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകൾ | ഡി) | ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**<u>സ്പെഷ്യാലിറ്റി കേഡർ</u>**<br>ടി.എച്ച്.ക്യു.എച്ച്, ആലത്തൂർ - 3 |

| | | | |
|---|---|---|---|
| | നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | | ജി.ടി.എസ്.എച്ച്, കോട്ടത്തറ - 2<br>ജില്ലാ ആശുപത്രി, പാലക്കാട് - 11<br>സി.എച്ച്.സി., ഇലപ്പുള്ളി - 2<br>ഡബ്ല്യൂ ആന്റ് സി, പാലക്കാട് - 3<br>ടി.എച്ച്.ക്യു എച്ച്, ചിറ്റൂർ - 2<br>ടി.എച്ച്.ക്യു എച്ച്, മണ്ണാർക്കാട് - 2<br>ടി.എച്ച്.ക്യു എച്ച്, ഒറ്റപ്പാലം - 6<br>ടി.എച്ച്.ക്യു എച്ച്, പട്ടാമ്പി - 3<br>**സിവിൽ സർജൻ**<br>സി.എച്ച്.സി., കുഴൽമന്ദം - 1<br>സി.എച്ച്.സി., നെന്മാറ 2<br>സി.എച്ച്.സി., അഗളി - 1<br>സി.എച്ച്.സി., കൊട്ടുവായൂർ - 1<br>സി.എച്ച്.സി., കൊല്ലങ്കോട് - 1<br>സി.എച്ച്.സി., പഴമ്പലക്കോട് - 1<br>സി.എച്ച്.സി., വടക്കാഞ്ചേരി - 1<br>ജി.എച്ച്., കൊഴിഞ്ഞാംപാറ - 1<br>സി.എച്ച്.സി., നന്ദിയോട് - 1<br>**അസിസ്റ്റന്റ് സർജൻ**<br>പൈലറ്റ് ഡിസ്പൻസറി, മുക്കാലി - 1<br>പ്രോജക്ട് ഡിസ്പെൻസറി, ശിരുവാണി - 1 |
| ഇ) | ഒഴിവുകൾ അടിയന്തിരമായി നികത്തുമോ; വിശദീകരണം നൽകുമോ? | ഇ) | ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ